## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3980 — 18.10.2011- ൽ മറുപടിയ്ക്ക്

## എൻട്രൻസ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ലസ്ടു വിന്റെ മാർക്ക് കൂടി പരിഗണിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |
| (എ) പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ലസ്ടു കോഴ്സിന്റെ ഏതൊക്കെ വിഷയ ങ്ങളുടെ മാർക്കാണ് പരിഗണി ക്കുന്നത് എന്ന് വ്യക്തമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട വിശദാംശ ങ്ങൾ നൽകാമോ ? | (എ) എഞ്ചിനീയറിംഗ് പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്ലസ്ടുവിന്റെ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളുടെ അവസാന വർഷ മാർക്കാണ് പരിഗണിക്കുന്നത്. എന്നാൽ കെമിസ്ട്രി പഠിക്കാത്ത വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ സയൻസിന്റെ മാർക്കും, കെമി സ്ട്രിയും കമ്പ്യൂട്ടർസയൻസും പഠിക്കാത്ത വിദ്യാർത്ഥികൾക്ക് ബയോടെക്നോളജിയുടെ മാർ ക്കും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും, ബയോടെക്നോളജി എന്നീ വിഷയങ്ങൾ പഠിക്കാത്ത വിദ്യാർത്ഥികളുടെ ബയോളജി യുടെ മാർക്കും ആണ് പ്രവേശന പരീക്ഷയുടെ റാങ്ക് തയ്യാറാക്കു ന്നതിനായി ഉപയോഗിക്കുന്നത്. പുതിയ രീതി പ്രകാരം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിവിധ ബോർഡുകളുടെ ഒരോ വിഷയ ത്തിന്റെയും പരമാവധി മാർക്ക് വ്യത്യസ്ഥമായതിനാൽ അവയെ ഒരു തുല്യ ഡിനോമിനേറ്ററായ 100-ൽ കൊണ്ട് വന്നാണ് നോർമലൈസ് ചെയ്തത്. അപ്രകാരം നോർമലൈസ് ചെയ്ത മൂന്ന് വിഷയങ്ങളുടെ |

........... മറുപുറം

(ഫിസിക്സ്, മാത്തമാറ്റിക്സ്, കെമിസ്ട്രി) ആകെ മാർക്കാണ് 500 ലേക്ക് മാറ്റിയത്. അതുപോലെ പ്രവേശന പരീക്ഷയ്ക്ക് 960–ൽ ലഭിച്ച മാർക്കിനെയും 500 ലേക്ക് മാറ്റി. 2011ലെ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിച്ചവരിൽ ഏതാണ്ട് 73% പേരും കേരള സംസ്ഥാന ഹയർ സെക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികൾ ആയിരുന്നതുകൊണ്ട് പ്രസ്തുത പരീക്ഷയുടെ മാർക്ക് അടിസ്ഥാനമാക്കി എടുത്ത് മറ്റ് ബോർഡുകളുടെ മാർക്കുകൾ അവയിലേക്ക് ഏകീകരിച്ചു.

**സെക്ഷൻ ഓഫീസർ**